# നിങ്ങൾക്കു നന്ദി

തിരി കെട്ടടങ്ങിയ മൺചരാതിൻ പുക
നിറയുമീയന്തരീക്ഷത്തിൽ

ഒരു നേർത്ത സൗരഭമായിട്ടലയുന്ന
സ്മൃതികളേ! നിങ്ങൾക്കു നന്ദി!



പുലർകാല താരങ്ങൾ വിളറി മറയുന്നൊ–
രതിദൂര ചക്രവാളത്തിൽ

വിരിയും വെളിച്ചമേ, പ്രണമിപ്പൂ! നീയെന്റെ
വഴികൾ തെളിയിപ്പൂ നന്ദി!

എവിടെയോ വീണുടഞ്ഞെന്നേ കളഞ്ഞൊരു
കളിമണ്ണിൻ വിഗ്രഹം പോലെ

കൈവിട്ടു പോയ കിനാക്കളേ, നിങ്ങൾക്കു
പറയട്ടെ ഞാനെന്റെ നന്ദി!

നിഴലുകൾ നഖചിത്രമെഴുതാനണയുന്ന
വഴികളേ, നിങ്ങൾക്കു നന്ദി!

ഇതിലെ, യെൻ മുൻപേ നടന്നവരോടു ഞാൻ
പറയട്ടെ: നിങ്ങൾക്കു നന്ദി! •